പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 91 — 08-02-2013 -ന് മറുപടിക്ക്

## മാതൃകാ ബിരുദ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ :<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :<br>ശ്രീ.കെ.എം.ഷാജി : | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കുന്നവരുടെ ജില്ലാതല ദേശീയ ശരാശരിയെക്കാൾ കുറഞ്ഞ നിലവാരം പുലർത്തുന്നവരുള്ള ജില്ലകൾ സംസ്ഥാനത്തുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളാണെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകൾ |
| ബി) ഇത്തരം പ്രദേശങ്ങളിൽ മാതൃകാ ബിരുദ കോളേജുകൾ ആരംഭിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിരുന്നോ; | (ബി) കേന്ദ്ര സർക്കാറിന്റെ ഒരു പദ്ധതി നിർദ്ദേശം ലഭിച്ചിട്ടുണ്ട്. |
| സി) ഉന്നത വിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ മാതൃകാ ബിരുദ കോളേജുകൾക്കായി കേന്ദ്രത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ വിശദവിവരം നൽകാമോ;<br><br>ഡി)പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലെങ്കിൽ അടിയന്തരമായി പ്രസ്തുത കാര്യം പരിശോധിക്കുമോ? | (സി) & (ഡി)<br>മാതൃകാബിരുദ കോളജുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ യു ജി സി-യ്ക്ക് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഒരു മാതൃകാ കോളജ് സ്ഥാപിക്കുന്നതിന് ഏകദേശം 8 കോടി രൂപ ആവർത്തനരഹിത ചെലവായും, 1.5 കോടി രൂപ ആവർത്തനചെലവായും വേണ്ടിവരുമ്പോൾ കേന്ദ്രസർക്കാർ യു ജി സി വഴി നൽകുന്ന ധനസഹായം കേവലം ആവർത്തനരഹിതചെലവിന്റെ |

| | |
|---|---|
| | മുന്നിലൊന്നായി നിജപ്പെടുത്തിയിരിക്കുന്നു. ഇത്രയും കുറഞ്ഞ കേന്ദ്രവിഹിതത്തിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന് ഭീമമായ സാമ്പത്തികബാദ്ധ്യത ഇപ്പോഴത്തെ സ്ഥിതിയിൽ ഏറ്റെടുക്കാനാവില്ല. ഐ.എച്ച്.ആർ.ഡി സ്വന്തം നിലയിൽ 2008-ൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തും, 2010-ൽ വയനാട് ജില്ലയിലെ മീനങ്ങാടി, കാസറഗോഡ് ജില്ലയിലെ നീലേശ്വരം എന്നിവിടങ്ങളിലും അപ്ലൈഡ് സയൻസ് കോളേജുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയവ കേന്ദ്ര സർക്കാരിന്റെ മോഡൽ ഡിഗ്രി കോളേജ് സ്കീമിൽപ്പെടുത്താൻ 2010 ൽ തന്നെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ